# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സർക്കാർ കോളേജ് അദ്ധ്യാപകർ - ബോട്ടണി വിഭാഗം പൊതു സ്ഥലമാറ്റം – 2018 – ഉത്തരവ് പുറപ്പെടുവിക്കുന്നു –

ഉത്തരവ് നമ്പർ.എ1/8461/2018/കോ.വി.വ തിരുവനന്തപുരം തീയതി : 25.04.2018

പരാമർശം:- 1) ഈ ഓഫീസിലെ 15.02.2018 തീയതിയിലെ എ1/3331/208/ കോ.വി.വ നമ്പർ സർക്കുലർ.
2) 03.04.2018 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലം മാറ്റ പട്ടിക.

ഉത്തരവ്

സർക്കാർ കോളേജുകളിലെ ബോട്ടണി വിഭാഗം അദ്ധ്യാപകരുടെ 2018-ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതിയുണ്ടെങ്കിൽ ആയത് 20.04.2018 വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം ബോട്ടണി വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് 01.06.2018 പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു..

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും, ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീമതി.സ്മിത.സി.കെ, ഗവണ്മെന്റ് കോളേജ്, ചിറ്റൂർ (അപേക്ഷ) | എസ്.എൻ.ജി.കോളേജ്, പട്ടാമ്പി നിലവിലുള്ള ഒഴിവിൽ. |
| 2 | ഡോ.വി.എസ്.അനിൽകുമാർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം (അപേക്ഷ) | കാസർഗോഡ് ഗവണ്മെന്റ് കോളേജിലെ നിലവിലുള്ള ഒഴിവിൽ |
| 3 | ശ്രീ.കൃഷ്ണകുമാർ.കെ.എ, കെ.കെ.റ്റി.എം.ഗവണ്മെന്റ് കോളേജ്, പുല്ലൂട്ട് (അപേക്ഷ) | പട്ടാമ്പി, എസ്.എൻ.ജി.എസ് കോളേജിലെ നിലവിലുള്ള ഒഴിവിൽ. |
| 4 | ശ്രീ.വി.പ്രദീപ്കുമാർ, യൂണിവേഴ്സിറ്റി കോളേജ് (അപേക്ഷ) | ചവറ, ബി.ജെ.എം.ഗവണ്മെന്റ് കോളേജിൽ ശ്രീ.ഐ.കബീർ വിരമിക്കുന്ന ഒഴിവിൽ |
| 5 | ശ്രീ.സാജൻ ജോസ്, ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് ( അപേക്ഷ) | ചിറ്റൂർ, ഗവണ്മെന്റ് കോളേജിൽ ശ്രീമതി.സ്മിത.സി.കെ-യ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ |
| 6 | ശ്രീമതി.വിദ്യവർമ്മ.പി.കെ, ഗവണ്മെന്റ് കോളേജ്, മടപ്പള്ളി (അപേക്ഷ) | കോഴിക്കോട് ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിൽ ശ്രീമതി.രഞ്ജന.പി.കെ-യ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ |
| 7 | ശ്രീമതി.രഞ്ജന.പി.കെ, ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് (നിർബന്ധിത സ്ഥലം മാറ്റം) | കോടഞ്ചേരി ഗവണ്മെന്റ് കോളേജിൽ (നിലവിലുള്ള ഒഴിവിൽ) |

0711811

GOVERNMENT OF KERALA

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ, 2018 ജൂൺ ഒന്നാം തീയതി പ്രാബല്യത്തിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും, സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൌൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്,
എം.എസ്.ജയ,ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1) ബന്ധപ്പെട്ട പ്രിൻസിപ്പാൾ /അദ്ധ്യാപകർ.
2) അക്കൌണ്ടന്റ് ജനറൽ (എ & ഇ), കോട്ടയം
3) കരുതൽ ഫയൽ / നടപ്പ് ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്.വി.26.04.2018

0711815